പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2402

07.02.2019 - ൽ മറുപടിക്ക്

## മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ വ്യവസായ പാർക്ക്

ചോദ്യം
ശ്രീ. ആർ. രാജേഷ്

മറുപടി
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ;

(ബി) മാവേലിക്കരയിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ വിശദവിവരം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സ്ഥലം നിലവിൽ എതെങ്കിലും വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥലത്ത് വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വകുപ്പുതല ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(എ), (ബി), (സി) & (ഡി) : മാവേലിക്കര, കൊല്ലകടവ് വ്യവസായ വികസന ഏരിയയിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിൽ 16.22 ഏക്കർ വ്യവസായ ഭൂമിയുണ്ട്. ഇതിൽ 14.39 ഏക്കർ സ്ഥലം വിവിധ സംരംഭകർക്ക് അനുവദിച്ച് നൽകി കഴിഞ്ഞു. 1.83 ഏക്കർ സ്ഥലം പൊതു അടിസ്ഥാന സൗകര്യങ്ങൾക്കായി ഉപയോഗിക്കുന്നു. മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന പക്ഷം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.

ജക/02/02/19